## പതിമൂന്നാം കേരള നിയമസഭ
### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 868** — **08.01.2014-ൽ മറുപടിയ്ക്ക്**

### കുറ്റ്യാടി ഇറിഗേഷൻ കനാൽ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. കെ. ലതിക | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പു മന്ത്രി) |
| എ) കുറ്റ്യാടി ഇറിഗേഷൻ കനാലുകളിൽ അടിഞ്ഞു കൂടിയ മണ്ണ് നീക്കം ചെയ്യുന്നതിനും ആവശ്യമായ സ്ഥലങ്ങളിൽഅറ്റകുറ്റ പണികൾ നടത്തുന്നതിനും ഫണ്ട് ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | എ) ഗ്രാമപഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന കനാലുകളിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുന്നത് അതാത് ഗ്രാമപഞ്ചായത്തുകളുടെ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തിയും, നിറവ് പദ്ധതിയിലുൾപ്പെടുത്തിയും ആണ് ചെയ്യുന്നത്. ആയതിനാൽ ഇതിനായി പ്രത്യേക ഫണ്ട് ആവശ്യമില്ല. |
| ബി) കനാലിന്റെ ഏതെല്ലാം സ്ഥലങ്ങളിലാണ് മണ്ണ് അടിഞ്ഞു കൂടിയിട്ടുള്ളതെന്നും അത് നീക്കം ചെയ്യുന്നതിന് എന്ത് തുക വേണ്ടി വരുമെന്നും വ്യക്തമാക്കുമോ ; | ബി) വലതുകരപ്രധാനകനാലിന്റെ 20 കി.മീ മുതൽ 26/500 കി.മീ മീറ്റർ വരെയുള്ള ഭാഗത്തെ പ്രവർത്തികൾക്കായി 6 കോടി രൂപ ചിലവ് കണക്കാക്കുന്നു. |
| സി) കനാലിന് അറ്റകുറ്റപ്പണികൾ ആവശ്യമായത് എവിടെയൊക്കെയെന്നും എന്ത് അറ്റകുറ്റപ്പണികളാണ് അവിടെ ചെയ്യാനുള്ളതെന്നും ആയത് പൂർത്തിയാക്കുന്നതിന് എത്ര തുക വേണ്ടി വരുമെന്നും വ്യക്തമാക്കുമോ? | സി) വലതുകരകനാലിന്റെ 34/240 കി.മീ വരെയുള്ള ചെയിനേജിലും അതിനോടനുബന്ധിച്ചു വരുന്ന 35 കി.മീ ബ്രാഞ്ച് കനാലിലുമാണ് പ്രധാനമായും അറ്റുകുറ്റപ്പണികൾ ആവശ്യമായിവരുന്നത്. കനാലുകളുടെ പുനരുദ്ധാരണ പ്രവർത്തികളും, സംരക്ഷണ പ്രവർത്തികളുമാണ് ചെയ്യുവാനുള്ളത്. ആയതിന് 98.90 കോടി രൂപയുടെ ചിലവ് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ